# ചോർന്നുപോകുന്ന സ്വാതന്ത്ര്യം

**ബ്രിട്ടീഷ്** അടിമത്തത്തിൽനിന്ന് ഇന്ത്യയെ മോചിപ്പിക്കാൻ അരങ്ങേറിയ ഒന്നാം സ്വാതന്ത്ര്യ സമരത്തിന്റെ 150-ാം വർഷമാണ് 2007. വെള്ളക്കാർക്കെതിരായ പോരാട്ടങ്ങൾ 1857-നു മുമ്പുതന്നെ ഇന്ത്യയിൽ ആരംഭിച്ചിട്ടുണ്ട്. അവക്കുപക്ഷേ, ഇന്ത്യയെ പൂർണമായി വൈദേശികാധിപത്യത്തിൽനിന്ന് മോചിപ്പിക്കുക എന്ന മാനമുണ്ടായിരുന്നില്ല. നാട്ടുരാജ്യങ്ങൾ അവരവരുടെ പ്രദേശങ്ങൾക്കുവേണ്ടി നടത്തിയ പോരാട്ടങ്ങളായിരുന്നു അവയിലധികവും. ഇന്ത്യയിൽ ബ്രിട്ടീഷ് ഈസ്റ്റിന്ത്യാ കമ്പനിയുടെ ഭരണം അവസാനിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടത്തപ്പെട്ട വിപ്ലവമായിരുന്നു 1857-ലേത്. ജാതി-മത ഭേദമന്യേ എല്ലാ വിഭാഗം ഇന്ത്യക്കാരും അതിൽ പങ്കെടുക്കുകയുണ്ടായി. ഏതെങ്കിലും ഒരു നേതാവ് ജനങ്ങളെ സംഘടിപ്പിച്ച് നടത്തിയതായിരുന്നില്ല ഈ സമരം. ജനങ്ങൾ സ്വയം സംഘടിച്ച് നേതാവിനെ കണ്ടെത്തുകയായിരുന്നു. ഒന്നാം സ്വാതന്ത്ര്യസമരം തൽക്കാലം അടിച്ചമർത്താൻ കമ്പനിക്കു സാധിച്ചു. എങ്കിലും ഇന്ത്യക്കാർ ഒന്നിച്ചുനിന്നാൽ തങ്ങൾക്ക് അധികകാലം ഈ നാട് ഭരിക്കാനാവില്ലെന്ന് അവർ മനസ്സിലാക്കി. തുടർന്ന് ഇന്ത്യയുടെ ഭരണം ബ്രിട്ടീഷ് ചക്രവർത്തി നേരിട്ടേറ്റെടുക്കുകയായിരുന്നു.

'ഭിന്നിപ്പിച്ചു ഭരിക്കുക' എന്ന തന്ത്രമാണ് ബ്രിട്ടൻ ഇന്ത്യയിൽ അവലംബിച്ചത്. നാട്ടിലെ വിവിധ മതവിഭാഗങ്ങൾക്കിടയിൽ വെറുപ്പും വിദ്വേഷവും വളർത്താൻ ആവുന്നതൊക്കെ അവർ ചെയതു. ഇന്ത്യക്കാർ പരസ്പരം ശത്രുക്കളാകുമ്പോൾ വെള്ളക്കാർ അവർക്ക് ശത്രുക്കളല്ലാതാവുകയായിരുന്നു. ഒന്നാം സ്വാതന്ത്ര്യസമരത്തിന്റെ ഉജ്ജ്വല സന്ദേശത്താൽ പ്രചോദിതമായുണ്ടായ തുടർച്ചകളാണ് പിൽക്കാലത്ത് ഉയിർക്കൊണ്ട സ്വാതന്ത്ര്യപ്രസ്ഥാനങ്ങൾ. പക്ഷേ, വെള്ളക്കാർ ഇന്ത്യൻ ജനതയിൽ കുത്തിവെച്ച മതജാതി വൈരത്തിന്റെ സ്വാധീനത്തെ പൂർണമായി തടഞ്ഞുനിർത്താൻ അവർക്കായില്ല. 'ഇന്ത്യയുടെ സ്വാതന്ത്ര്യം' എന്ന വികാരത്തെ പലപ്പോഴും 'ഞങ്ങളുടെ സമുദായത്തിന്റെ സ്വാതന്ത്ര്യം' എന്ന വികാരം അതിജയിച്ചുനിന്നു. അതുകൊണ്ട് ഒന്നാം സ്വാതന്ത്ര്യസമരം കഴിഞ്ഞ് 90 കൊല്ലത്തിനു ശേഷമാണ് നമുക്ക് സ്വാതന്ത്ര്യം നേടാനായത്. ഇന്ത്യ സ്വതന്ത്രമായപ്പോൾ നമുക്ക് കിട്ടിയത് നാം സ്വപ്നം കണ്ട ഇന്ത്യയുമായിരുന്നില്ല; ബ്രിട്ടീഷുകാർ സൃഷ്ടിച്ചുതന്ന ഇന്ത്യയായിരുന്നു. കിഴക്കും പടിഞ്ഞാറും ഓരോ ഖണ്ഡങ്ങൾ പാകിസ്താനായി പിരിഞ്ഞുപോയിരുന്നു. ഇന്ത്യയുടെ ഒന്നാം നമ്പർ ശത്രു അതുവരെ നമ്മുടെ മണ്ണും മക്കളുമായിരുന്ന പാകിസ്താൻ. പാകിസ്താന്റെ ഒന്നാം നമ്പർ ശത്രു അവരുടെ മണ്ണും മക്കളുമായിരുന്ന ഇന്ത്യ! 1974-ൽ പാകിസ്താൻ പിന്നെയും വിഭജിക്കപ്പെട്ടു. അത് ഇന്ത്യയുടെ മഹാവിജയമായി അഭിമാനപൂർവം കൊണ്ടാടുകയാണ് നാം. 1947-ൽ ബ്രിട്ടൻ ഇന്ത്യയുടെ മേലുള്ള രാഷ്ട്രീയാധികാരം കൈയൊഴിച്ചെങ്കിലും ഇന്ത്യൻ ജനതയുടെ സാമൂഹിക ബോധത്തിൽ അവർ ചെലുത്തിയ ദുഃസ്വാധീനം അഭംഗുരം നിലനിൽക്കുന്നു എന്നാണിത് കുറിക്കുന്നത്.

ഇന്ത്യാവിഭജനം വലിയൊരബദ്ധമായിരുന്നുവെങ്കിലും തിരുത്താനാവുന്നതല്ല. ഇന്ത്യയും പാകിസ്താനും ബംഗ്ലാദേശും സമൂർത്തമായ യാഥാർഥ്യങ്ങളായിരിക്കുന്നു. ഈ രാജ്യങ്ങൾ പരസ്പരം സഹകരിക്കുകയും സഹായിക്കുകയും ചെയ്യുന്ന സഹോദരരാഷ്ട്രങ്ങളായി വർത്തിക്കുകയാണ് വേണ്ടത്. സ്വാതന്ത്ര്യം നേടി അറുപതാണ്ടു പിന്നിട്ടിട്ടും മൂന്നു രാജ്യങ്ങളും അതിൽ പരാജയപ്പെട്ടിരിക്കുകയാണ്. ഈ പരാജയം അവയുടെ സ്വാതന്ത്ര്യത്തെ അപൂർണമാക്കുന്നുവെന്നതാണ് വാസ്തവം. മൂന്നു രാജ്യങ്ങളിലും ആഭ്യന്തരവും വൈദേശികവുമായ അരക്ഷിതത്വവും അസ്വസ്ഥതകളും കൊടികുത്തിവാഴുകയാണ്. കശ്മീരിലും മുംബൈയിലും ഗുജറാത്തിലും അയോധ്യയിലും തിരൂരിലുമെല്ലാം നാം കേൾക്കുന്നത് ബ്രിട്ടീഷുകാർ സൃഷ്ടിച്ച വൈരത്തിന്റെയും വിഭജനത്തിന്റെയും അനുരണനങ്ങളാണ്.

ഉപഭൂഖണ്ഡത്തിലെ ഓരോ രാജ്യത്തിനും സ്വരക്ഷക്ക് വൻശക്തികളെ ആശ്രയിക്കേണ്ടിവരുന്നു. നമ്മുടെ സ്വാതന്ത്ര്യം ആയുധക്കരാറുകളുടെയും വ്യാപാരക്കരാറുകളുടെയും രൂപത്തിൽ പഴയ യജമാനന്മാർക്ക് തിരിച്ചുകൊടുത്തുകൊണ്ടിരിക്കുകയാണ്. നാം പൊരുതിനേടിയ സ്വാതന്ത്ര്യം ചോർത്തിയെടുക്കുന്ന ദ്വാരമായി പരിണമിക്കുകയാണ് വൻശക്തികളുമായുണ്ടാക്കുന്ന ഓരോ കരാറും. നമ്മുടെ സ്വാതന്ത്ര്യം വെള്ളക്കാരുടെ സംസ്കാരം സ്വാംശീകരിക്കാനും അവരുടെ ഇംഗിതങ്ങൾ നമ്മുടെ കൈകൾ കൊണ്ട് നടപ്പിലാക്കിക്കൊടുക്കാനുമുള്ള സ്വാതന്ത്ര്യമായി മാറിക്കൊണ്ടിരിക്കുന്നത് നാം അറിയുന്നില്ല. ആയുധങ്ങളുടെയും സൈന്യത്തിന്റെയും മത്സരിച്ചുള്ള വികസനം അസ്വസ്ഥതയും അരക്ഷിതത്വവും വർധിപ്പിക്കുകയേ ചെയ്യുന്നുള്ളൂ. സൈനിക ബലംകൊണ്ട് അന്യരാജ്യങ്ങളെ കീഴടക്കി സ്വരാജ്യത്തിന്റെ പ്രതാപവും ക്ഷേമവും സുഭദ്രമാക്കാവുന്ന കാലം കഴിഞ്ഞുപോയിരിക്കുന്നു. ഇക്കാലത്ത് പരാജിതരേക്കാൾ കടുത്ത ഭീതിയിലും മാനഹാനിയിലുമകപ്പെടുന്നത് ജേതാക്കളാണ്. ആധുനിക ലോകത്തെ ഏറ്റവും വലിയ സൈനിക ശക്തിയായ അമേരിക്ക അതിന്റെ ദൃഷ്ടാന്തമാണ്.

ഇന്ത്യയും പാകിസ്താനും ബംഗ്ലാദേശും അവയുടെ ചരിത്രപരമായ ഏകാത്മകത ഉൾക്കൊണ്ട് സാഹോദര്യത്തോടെ സഹകരിച്ചു വർത്തിക്കുകയാണെങ്കിൽ മൂന്നു രാജ്യങ്ങളും ഭയമുക്തമാകും. മൂന്നിടത്തും കലാപങ്ങൾക്കും അസ്വസ്ഥതകൾക്കും ശമനമുണ്ടാകും. സമാധാനവും നിർഭയത്വവും നിലവിൽവരും. സ്വാതന്ത്ര്യത്തിന്റെ ഫലം മൂന്നിടത്തെയും സാധാരണക്കാർക്ക് അനുഭവവേദ്യമാകും. അതിന് 1947-ലെ വിഭജനവികാരം മറന്ന് 1857-ലെ അവിഭക്ത സ്വാതന്ത്ര്യ സമരത്തിന്റെ വികാരം പുനരാർജിക്കാൻ നമുക്കു കഴിയണം. ഒന്നാം സ്വാതന്ത്ര്യസമരത്തിന്റെ ഈ 150-ാം വാർഷിക സ്മരണ മൂന്നു രാജ്യങ്ങളിലെയും ജനങ്ങളെ അത്തരമൊരു വികാരത്തിലേക്കുണർത്തിയെങ്കിൽ! ■